ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:17.06.2025**

## പ്രധാനവാർത്തകൾ

1. കാനഡയിൽ നടക്കുന്ന ജി-7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. സുപ്രധാന ആഗോള വിഷയങ്ങൾ ജി-7 നേതാക്കളുമായി ചർച്ച ചെയ്യുമെന്ന് പ്രധാനമന്ത്രി.
2. ഉപതിരഞ്ഞെടുപ്പിനൊരുങ്ങി നിലമ്പൂർ. പരസ്യപ്രചാരണം പൂർത്തിയായി. കൊട്ടിക്കലാശം ആവേശകരമാക്കി മുന്നണികൾ.
3. സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾ നാളെ ആരംഭിക്കും. സംസ്ഥാനതല പ്രവേശനോത്സവം മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.
4. വടക്കൻ കേരളത്തിൽ ഇന്ന് അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത
5. ഇറാൻ ഇസ്രയേൽ സംഘർഷം അഞ്ചാം ദിവസവും രൂക്ഷമായി തുടരുന്നു. ഇരു രാജ്യങ്ങളിലെയും മലയാളികൾ സുരക്ഷിതരാണെന്ന് നോർക്ക.
6. ഐസിസി വനിതാ ഏകദിന ബാറ്റിംഗ് റാങ്കിംഗിൽ, ഒന്നാം സ്ഥാനം തിരിച്ചു പിടിച്ച് ഇന്ത്യയുടെ അഭിമാന താരം സ്മൃതി മന്ദാന

&&&&&&&&&&&&&&&&&&

RNU TVPM

## പ്രധാനമന്ത്രി -കാനഡ

കാനഡയിൽ നടക്കുന്ന ജി 7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. സുപ്രധാനമായ ആഗോള വിഷയങ്ങൾ ജി-7 നേതാക്കളുമായി ചർച്ച ചെയ്യുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. തുടർച്ചയായ ആറാം തവണയാണ് ജി-7 ഉച്ചകോടിയിൽ ശ്രീ മോദി പങ്കെടുക്കുന്നത്. ആഗോള തലത്തിലെ സാമ്പത്തിക, ഭൗമരാഷ്ട്രീയ വിഷയങ്ങളാണ് ഉച്ചകോടി ചർച്ച ചെയ്യുക. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി ഉൾപ്പെടെയുള്ള നേതാക്കളുമായി ശ്രീ മോദി ഉഭയകക്ഷി ചർച്ചകൾ നടത്തും. ഇസ്രായേൽ - ഇറാൻ സംഘർഷം രൂക്ഷമായി തുടരുന്ന സാഹചര്യത്തിലാണ് ഉച്ചകോടി എന്നത് ഇതിൻറെ നയതന്ത്ര പ്രാധാന്യം വർദ്ധിപ്പിക്കുന്നു. മേഖലയിൽ സമാധാനം ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെട്ട് ജി-7 നേതാക്കൾ ഇന്ന് സംയുക്ത പ്രസ്താവനയും പുറപ്പെടുവിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## നിലമ്പൂർ ഇൻട്രോ)

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം പൂർത്തിയായി. മഴയെ നിഷ്പ്രഭമാക്കി, ആവേശകരമായ കൊട്ടിക്കലാശത്തിനാണ് മണ്ഡലം ഇന്ന് സാക്ഷ്യം വഹിച്ചത്. നാളെ നിശബ്ദ പ്രചാരണമാണ് നടക്കുക. മറ്റന്നാളാണ് വോട്ടെടുപ്പ്. എൽഡിഎഫിൻറെ എം സ്വരാജ്, യുഡിഎഫിൻറെ ആര്യാടൻ ഷൗക്കത്ത്, എൻഡിഎയുടെ മോഹൻ ജോർജ്, സ്വതന്ത്ര്യ സ്ഥാനാർത്ഥി പി.വി അൻവർ എന്നിവരാണ് മത്സര രംഗത്തെ പ്രമുഖർ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...**

(ഹോൾഡ്)

&&&&&&&&&&&&&&&&&&

PNU TVPM

## പ്ലസ് വൺ പ്രവേശനം

സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾ നാളെ ആരംഭിക്കും. സംസ്ഥാനതല പ്രവേശനോത്സവം മന്ത്രി വി ശിവൻകുട്ടി നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. അലോട്ട്മെൻറുകൾ പൂർത്തീകരിച്ച് ഏകദേശം മൂന്ന് ലക്ഷത്തി നാൽപതിനായിരം വിദ്യാർത്ഥികൾ പ്ലസ് വൺ പ്രവേശന യോഗ്യത നേടിയതായി മന്ത്രി പറഞ്ഞു . സപ്ലിമെൻററി അലോട്ട്മെൻറിനുള്ള സീറ്റൊഴിവ് ഈ മാസം 28 ന് പ്രസിദ്ധീകരിക്കും. 23 മുതൽ 27 വരെ സേ പരീക്ഷ നടക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## മഴ - സംസ്ഥാനം

വടക്കൻ ജില്ലകളിൽ ഇന്ന് അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുത്. കേരള തീരത്ത് ഇന്ന് രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## മഴ- കണ്ണൂർ , കാസർകോട്

കാസർഗോഡ് ചെറുവത്തൂരിൽ കനത്ത മഴയെ തുടർന്ന് കുളങ്ങാട്ട് മലയിൽ വിള്ളൽ ഉണ്ടായി. നെല്ലിക്കാൽ അംബേദ്ക്കർ ഉന്നതിയിലെ 30 ഓളം കുടുംബങ്ങൾ താമസിക്കുന്ന പ്രദേശമായതിനാൽ അതീവ ജാഗ്രതയോടെ നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകി. എൻ.ഡി.ആർ.എഫ്. സംഘവും സ്ഥലത്ത് എത്തിയിരുന്നു. കണ്ണൂർ

RNU TVPM

ജില്ലയിൽ മഴയ്ക്ക് നേരിയ ശമനമുണ്ട്. ജില്ലയിൽ കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയിൽ 13 വീടുകൾ ഭാഗികമായി തകർന്നു. നാലുപേർക്ക് പരിക്കേറ്റു. കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ ജില്ലയിൽ 23 ഹെക്ടർ സ്ഥലത്തെ കൃഷിയാണ് നശിച്ചത്. പഴശ്ശി ഡാമിൻറെ 16 ഷട്ടറുകളിൽ 13 എണ്ണം തുറന്നിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ഇറാൻ ഇസ്രയേൽ

ഇറാൻ ഇസ്രയേൽ സംഘർഷം അഞ്ചാം ദിവസവും രൂക്ഷം. ടെൽ അവീവിലും, ജറുസലേമിലും ഇറാൻ വീണ്ടും മിസൈൽ ആക്രമണം നടത്തിയതായി ഇസ്രയേൽ സേന വ്യക്തമാക്കി. കൂടുതൽ ശക്തമായ ആക്രമണത്തിന് ഇറാൻ തയ്യാറെടുക്കുന്നതായും മാധ്യമ റിപ്പോർട്ടുകളുണ്ട്. ഇറാൻറെ പടിഞ്ഞാറൻ മേഖലയിലെ സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമാക്കി ഇസ്രയേൽ ആക്രമണം നടത്തി. ഇറാൻ സൈനിക കമാൻഡർ അലി ഷദ്മാനിയെ വധിച്ചതായും ഇസ്രയേൽ അവകാശപ്പെട്ടു. സംഘർഷങ്ങളിൽ ഇറാനിൽ 224 പേരും, ഇസ്രയേലിൽ 24 പേരും ഇതുവരെ കൊല്ലപ്പെട്ടതായാണ് കണക്കുകൾ. ടെഹ്റാനിലെ ഇന്ത്യൻ വിദ്യാർത്ഥികളെ സംഘർഷ സാഹചര്യം കണക്കിലെടുത്ത് ഇന്ത്യൻ എംബസി നഗരത്തിൽ നിന്നും ഒഴിപ്പിച്ചു.

&&&&&&&&&&&&&&&&&&

## ഇറാൻ ഇസ്രായേൽ - നോർക്ക

ഇറാനിലെയും ഇസ്രയേലിലെയും കേരളീയർ സുരക്ഷിതരാണെന്ന് നോർക്ക റൂട്ട്സ് സിഇഒ. ഇറാനിലുള്ള 12 മലയാളി വിദ്യാർത്ഥികളുടെയും, ബിസിനസ് ആവശ്യത്തിനു ടെഹ്റാനിലേയ്ക്ക് പോയ സംഘത്തിന്റെയും വിവരങ്ങൾ ഇന്ത്യൻ എംബസിക്ക് കൈമാറിയതായും നോർക്ക അറിയിച്ചു.

&&&&&&&&&&&&&&&&&&

## രാജ്ഭവൻ- വി. അനന്തനാഗേശ്വരൻ

നിക്ഷേപങ്ങളുടെ ഹബ്ബായി ഇന്ത്യ തുടരുകയാണെന്ന് കേന്ദ്രസർക്കാരിൻറെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് വി.

RNU TVPM

അനന്തനാഗേശ്വരൻ. കേരള രാജ്ഭവനിൽ നടന്ന പ്രഭാഷണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂന്ന് ദശാബ്ദമായി ലോകത്ത് സാമ്പത്തിക അനിശ്ചിതാവസ്ഥ നിലനിൽക്കുന്നതായും, ഇറക്കുമതിയിൽ ചൈനയെ ആശ്രയിക്കുന്നതിൻറെ സങ്കീർണത ലോകം തിരിച്ചറിയുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## വി ശിവൻകുട്ടി (ഇൻട്രോ)

സംസ്ഥാനത്തെ ഐ.റ്റി.ഐ. കളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1,444 കോടി രൂപയുടെ പദ്ധതി കേന്ദ്ര നൈപുണ്യ വികസന മന്ത്രി ജയന്ത് ചൗധരിയ്ക്ക് സമർപ്പിച്ചതായി മന്ത്രി വി ശിവൻകുട്ടി. അഞ്ചു വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

(ഹോൾഡ് വോയ്സ്..........)

RIU TVPM

&&&&&&&&&&&&&&&&&&

## മന്ത്രി വീണാ ജോർജ് - ആന്റിബയോട്ടിക്

ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാനായി നടത്തിയ പ്രവർത്തനങ്ങളുടെ ജില്ലാതല റിപ്പോർട്ട് ആരോഗ്യ മന്ത്രി വീണാ ജോർജ് പുറത്തിറക്കി. ഡിസംബറോടെ സംസ്ഥാനത്ത് സമ്പൂർണ ആന്റിബയോട്ടിക് സാക്ഷരതയാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു. ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ ആന്റിബയോട്ടിക്കുകൾ വാങ്ങി കഴിക്കരുതെന്നും മന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## ഡി.എൻ.എ പരിശോധന

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച 162 പേരെ ഡി.എൻ.എ പരിശോധനയിൽ തിരിച്ചറിഞ്ഞതായി സംസ്ഥാന സർക്കാർ. നടപടി ക്രമങ്ങൾ പൂർത്തിയാക്കി മൃതദേഹങ്ങൾ എത്രയും വേഗം

ബന്ധുക്കൾക്ക് വിട്ടുകൊടുക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ്.

&&&&&&&&&&&&&&&&&&

## മന്ത്രി കെ.രാജൻ

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട സ്വദേശി രഞ്ജിത ജി.നായരെ സമൂഹമാധ്യമത്തിലൂടെ അപമാനിച്ച വെള്ളരിക്കുണ്ട് ജൂനിയർ സൂപ്രണ്ട് എ.പവിത്രനെതിരെ കടുത്ത ശിക്ഷാ നടപടികൾ ആരംഭിക്കാൻ നിർദേശം നൽകി റവന്യു മന്ത്രി കെ.രാജൻ. സസ്പെൻഡ് ചെയ്തതിന് പിന്നാലെയാണ് സർവീസ് ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ ആരംഭിക്കാൻ ലാൻഡ് റവന്യു കമ്മിഷനർക്ക് നിർദേശം നൽകിയത്..

&&&&&&&&&&&&&&&&&&

## മൃതദേഹം കണ്ടെടുത്തു

കണ്ണൂർ കൊട്ടിയൂർ ബാവലി പുഴയിൽ കഴിഞ്ഞ ദിവസം കാണാതായ കോഴിക്കോട് അത്തോളി സ്വദേശി നിഷാദിൻറെ മൃതദേഹം കണ്ടെടുത്തു. ബാവലിപ്പുഴയിൽ ഒഴുക്കിൽപ്പെട്ട കാഞ്ഞങ്ങാട് സ്വദേശി അഭിജിത്തിനായുള്ള തിരച്ചിൽ തുടരുകയാണ്.

RNU TVPM

&&&&&&&&&&&&&&&&&&

## വനിതാ ഏകദിന റാങ്കിങ്

ഐസിസി വനിതാ ഏകദിന ബാറ്റിംഗ് റാങ്കിംഗിൽ, 727 റേറ്റിംഗ് പോയിന്റുകളുമായി ഒന്നാം സ്ഥാനം തിരിച്ചു പിടിച്ച് ഇന്ത്യയുടെ സ്മൃതി മന്ദാന. ദക്ഷിണാഫ്രിക്കയുടെ ലോറ വോൾവാർഡിനെ മറികടന്നാണ് 2019 ന് ശേഷം ആദ്യമായി സ്മൃതി പട്ടികയിൽ ഒന്നാമതെത്തിയത്. ശ്രീലങ്കയ്ക്കും ദക്ഷിണാഫ്രിക്കയ്ക്കുമെതിരായ മികച്ച പ്രകടനങ്ങൾ ഈ നേട്ടത്തിന് കാരണമായി.

&&&&&&&&&&&&&&&&&&

## ഓഹരി + സ്വർണ വില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 213 പോയിൻറ് ഇടിഞ്ഞ് 81,583 ലും നിഫ്റ്റി 93 പോയിൻറ് നഷ്ടത്തിൽ

24,853 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കുറഞ്ഞു. പവന് 840 രൂപ കുറഞ്ഞ് 73,600 രൂപയും ഗ്രാമിന് 9,200 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## ആലപ്പുഴ - തിമിംഗലം

ആലപ്പുഴ ജില്ലയിലെ പുറക്കാട് തീരത്ത് വീണ്ടും തിമിംഗലം ചത്തടിഞ്ഞു. കപ്പൽ അപകടത്തിന് ശേഷം ഇവിടെ കരയ്ക്കടിയുന്ന രണ്ടാമത്തെ തിമിംഗലം ആണിത്.

&&&&&&&&&&&&&&&&&&

## തെരുവ് നായ ആ ക്രമണം

കണ്ണൂർ നഗരത്തിൽ തെരുവ് നായകളുടെ ആക്രമണത്തിൽ 35 ഓളം പേർക്ക് പരിക്ക്. പ്ലാസ, താവക്കര ,പുതിയ സ്റ്റാൻഡ് എന്നിവിടങ്ങളിലാണ് നായകളുടെ ആക്രമണം ഉണ്ടായത്.

&&&&&&&&&&&&&&&&&&

## ഇടുക്കി വാഹന അപകടം

ഇടുക്കി ചെല്ലാർകോവിലിൽ ജീപ്പും ബൈക്കും കൂട്ടിയിടിച്ച് രണ്ടു യുവാക്കൾ മരിച്ചു. ഉദയഗിരിമേട് സ്വദേശികളായ ഷാനറ്റ് ഷൈജു , അലൻ കെ. ഷിബു എന്നിവരാണ് മരിച്ചത്. തമിഴ്നാട്ടിൽ നിന്നും ഏലത്തോട്ടം തൊഴിലാളികളെ കൊണ്ടു വരുന്ന ജീപ്പാണ് അപകടത്തിൽപ്പെട്ടത്.

&&&&&&&&&&&&&&&&&&

## അന്താരാഷ്ട്ര യോഗ ദിനം

ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം യോഗ പരിപാടികൾ ആയുഷ് മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കും. 21-ന് രാവിലെ 6:30 മുതൽ 7:40 വരെ ആയിരിക്കും പരിപാടികൾ . ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് സംഘടിപ്പിക്കുന്ന പ്രധാന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. ചുവപ്പ്

RNU TVPM

കോട്ട, കർത്തവ്യപഥ് തുടങ്ങി ഡൽഹിയിലെ പ്രധാന കേന്ദ്രങ്ങളിൽ യോഗാ ദിനത്തോടനുബന്ധിച്ച് വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ആർ ബിന്ദു

സംസ്ഥാനത്തെ 29 പൊതുമേഖലാ സ്ഥാപനങ്ങളിലെ 446 തസ്തികകൾ കൂടി ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികയായി കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചതായി മന്ത്രി ആർ ബിന്ദു. ഇതോടെ ഭിന്നശേഷിക്കാർക്ക് സംവരണം ചെയ്ത തസ്തികകളുടെ എണ്ണം 1,902 ആയതായി മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM